(ബി) കഴിഞ്ഞവർഷം സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് കേന്ദ്ര പെൻഷൻകാർക്ക് അനുവദിച്ച ആനുകൂല്യങ്ങൾ സംസ്ഥാന പെൻഷൻ കാർക്ക് കാലാകാലങ്ങളിൽ അനുവദിച്ചിരുന്ന പെൻഷനിലെ അഡ്ഹോക്ക് വർദ്ധനവിന് ഉപരിയായി നൽകിക്കൊണ്ടാണ് ബാധകമാക്കിയത്. ഉദാരമാക്കിയ പെൻഷൻ വ്യവസ്ഥകൾക്ക് പിൽക്കാല പ്രാബല്യം നൽകണമെന്ന് കോടതി വിധി ഉണ്ടായിട്ടുണ്ട്. കൂടാതെ ഈ അടുത്ത കാലത്ത് കേന്ദ്രഗവൺമെന്റ് പെൻഷൻ വ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ശമ്പളക്കമ്മീഷന്റെ പെൻഷൻ സംബന്ധിച്ച ശുപാർശകൾ ഒരു പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടിയിരിക്കുന്നു.

(സി) ഈ വർഷാവസാനത്തോടെ പുതിയ പെൻഷൻ വ്യവസ്ഥ പ്രഖ്യാപിക്കും.

(ഡി) പുതിയ പെൻഷൻ വ്യവസ്ഥ പ്രഖ്യാപിക്കുന്നതോടൊപ്പം ഈ കാര്യവും തീരുമാനിക്കപ്പെടും.

## കേന്ദ്ര പെൻഷൻ ഫോർമുല

12. [15] ശ്രീ. സി. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള പെൻഷൻ ഫോർമുല സംസ്ഥാനസർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നു മുതൽ?

### ഉത്തരം

(എ) പെൻഷൻ നിയമങ്ങളും ഉദാരമാക്കിക്കൊണ്ടുള്ള കേന്ദ്രഗവൺമെന്റിന്റെ ഏറ്റവും പുതിയ ഉത്തരവുകളും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി) പെൻഷൻ നിയമങ്ങളും വിശദമായി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ധനകാര്യവകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് ഉത്തരവുകളും ഉൾപ്പെടെ ഇതു സംബന്ധിച്ചുള്ള എല്ലാ വശങ്ങളും ധനകാര്യവകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

## സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥൻമാർ

13. [16] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഉള്ള എൻ. ജി. ഒ. മാരുടെ എണ്ണം എത്ര;

(ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ആകെ എത്ര ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ ഉണ്ട്?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 3115
(ബി) 708

നേവൽ അക്കാഡമി പ്രദേശത്തുനിന്നും കുടിയൊഴിപ്പിക്കപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം

14. [18] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവു മറുപടി നൽകുമോ:

(എ) നേവൽ അക്കാഡമി പ്രദേശത്തുനിന്നും കുടി ഒഴിപ്പിക്കപ്പെട്ടവർക്ക് ഗവൺമെന്റ് പ്രഖ്യാപിച്ച നഷ്ടപരിഹാരം എല്ലാം ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇനിയും ലഭ്യമാക്കാനുള്ള ഗവൺമെന്റിന്റെ പരിഗണനയിലുള്ള നഷ്ടപരിഹാരങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി.) കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്ഥലമെടുപ്പ് (ദേഗതി) നിയമം അനുസരിച്ച് 15% നഷ്ടപരിഹാരവും സ്ഥലത്തിന്റെ മാർക്കറ്റുവിലയുടെ 12% വും കൂടുതലായി നൽകുവാനുണ്ട്.

സ്വാതന്ത്ര്യസമര സേനാനികൾക്ക് പെൻഷൻ

15. [19] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവു മറുപടി നൽകുമോ:

(എ) 1985 മാർച്ച് 31 വരെയുള്ള കാലയളവിൽ സ്റ്റേറ്റ് ഗവൺമെന്റ് മുഖേന എത്ര സ്വാതന്ത്ര്യസമര സേനാനികൾക്ക് പെൻഷൻ നൽകിയിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) 10176 പേർക്ക് ഇപ്പോഴും സംസ്ഥാന പെൻഷൻ നൽകിവരുന്നുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് താഴെ പറയും പ്രകാരമാണ്:

| | | |
|---|---|---|
| തിരുവനന്തപുരം | .. | 1700 |
| കൊല്ലം | .. | 1009 |
| പത്തനംതിട്ട | .. | 101 |
| ആലപ്പുഴ | .. | 1384 |
| എറണാകുളം | .. | 315 |
| കോട്ടയം | .. | 113 |
| ഇടുക്കി | .. | 85 |
| തൃശ്ശൂർ | .. | 563 |
| പാലക്കാട് | .. | 398 |
| മലപ്പുറം | .. | 1888 |
| കോഴിക്കോട് | .. | 998 |
| വയനാട് | .. | 39 |
| കണ്ണൂർ | .. | 1379 |
| കാസർകോഡ് | .. | 204 |
| | | 10176 |

LIBRARY ARCHIVES Kerala Legislative Assembly